**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4079** **17-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി നഗരം മയക്കുമരുന്നിന്റെ ഹബായി മാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും രഹസ്യാന്വേഷണ പ്രവർത്തനങ്ങൾ, രാത്രികാല പട്രോളിംഗ്, മുൻകാല പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കരുതൽ തടങ്കൽ പോലുള്ള ശക്തമായ നടപടികൾക്ക് ശുപാർശ ചെയ്യൽ, സ്കൂൾ കോളേജ് പരിസരങ്ങളിൽ നിരന്തര പരിശോധനകൾ, തുടങ്ങിയവ ഉൾപ്പെടെ ദൈനംദിന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ബോധവത്കരണത്തിലൂടെ ലഹരി ഉപയോഗം കുറക്കാൻ വകുപ്പിനു കഴിയുന്നുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമോ; | (ബി) | എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിച്ച് ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയ ശുപാർശ നിലവിലെ സാമ്പത്തിക പരിസ്ഥിതിയിൽ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് 05.11.2023 ലെ നികുതി -എഫ്3/272/2023-നികുതി നമ്പർ സർക്കാർ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം വഴി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും. |
| (സി) | എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള എക്സൈസ് ഇന്റലിജൻസ് ബ്യൂറോയുടെ ജില്ലാ മേധാവിയുടെ തസ്തിക എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള എക്സൈസ് ഇന്റലിജൻസ് ബ്യൂറോയുടെ ജില്ല മേധാവിയുടെ തസ്തിക എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയാക്കി ഉയർത്തുന്ന വിഷയം വകുപ്പ് വിശദമായി പരിശോധിക്കുകയും നിലവിൽ ടി വിഷയം |

| | | | |
|---|---|---|---|
| | | | പരിഗണിക്കേണ്ടതില്ല എന്ന താല്ക്കാലിക തീരുമാനത്തിൽ എത്തുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ